ഉത്തരം

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ) സംബന്ധിച്ച രേഖകൾ പതിച്ച് നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതികൾ ലഭിച്ചാൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ജനറൽ ഇൻഷ്വറൻസ് എന്ന സ്കീം നിലവിലില്ല. എന്നാൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം സംബന്ധിച്ച രേഖകൾ എല്ലാ പോലീസുകാർക്കും നൽകിവരുന്നു.

ആലപ്പുഴ ജില്ലയിൽ ആർമർ എസ്.ഐ, ആർമർ പി.സി, എന്നീ തസ്തികകളിലെ ഒഴിവുകൾ

58 (5969) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക ആയുധങ്ങളിൽ പരിശീലനം പൂർത്തിയാക്കിയ എത്ര ആർമറന്മാർ ഓരോ ജില്ലയിലും ഉണ്ട് ;

(ബി) ഓരോ ജില്ലയിലുമുള്ള ആർമറന്മാർക്ക് എ.കെ.47, ഐ.എൻ. എസ്.എ.എസ്.-നെ സംബന്ധിച്ച് കോഴ്സ് കൊടുക്കുന്നുണ്ടോ ;

(സി) ആർമർ എസ്.ഐ., ആർമർ പി.സി. എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ ആലപ്പുഴ ജില്ലയിലുണ്ട് ; ഈ ഒഴിവുകളിൽ നിയമനം നടത്തുമോ ;

(ഡി) ടെലികമ്മ്യൂണിക്കേഷനിലുള്ളതുപോലെ ആർമർ വിഭാഗത്തെയും ഒരു എസ്.പി. യുടെ മേൽനോട്ടത്തിലാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു വരുന്നു.

ഡി. എ. കുടിശ്ശിക പി.എഫിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി

59 (5970) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് 2009 ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിച്ച 10% ഡി.എ. കുടിശ്ശിക തിരുവനന്തപുരം സിറ്റി എ. ആർ. ക്യാമ്പിലെ പോലീസുകാരുടെ പി.എഫിൽ ക്രെഡിറ്റ് ചെയ്യാൻ ഇതുവരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly